REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-01-2025 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ഇന്ന് ദേശീയ യുവജനദിനം.**
- **ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2025-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.**
- **പ്രധാനമന്ത്രിയുടെ പരീക്ഷ പേ ചർച്ച എട്ടാം പതിപ്പിന്റെ പരിപാടികൾക്ക് ഇന്ന് തുടക്കമാകും.**
- **ISRO സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായി ഉപഗ്രഹങ്ങളെ കൂട്ടിച്ചേർക്കുന്ന പ്രക്രിയയ്ക്ക് തുടക്കമായി.**
- **ശബരിമലയിലേക്ക് തിരുവാഭരണ ഘോഷയാത്ര ഉച്ചയ്ക്ക് പന്തളത്ത് നിന്ന് പുറപ്പെടും.**
- **വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് അയർലന്റിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ന് ദേശീയ യുവജനദിനം. ഇന്ത്യൻ യുവത്വത്തിന് പ്രചോദനമായ സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ് ദേശീയ യുവജനദിനമായി ആഘോഷിക്കുന്നത്. യുവ ജനങ്ങളുടെ ശാക്തീകരണത്തിനും കഴിവുകൾ പ്രചോദിപ്പിക്കുന്നതിനും പ്രാധാന്യം നൽകണമെന്ന് സമൂഹത്തെ ഓർമിപ്പിക്കുന്ന ദിവസം കൂടിയാണ് ദേശീയ യുവജനദിനം.

ഡെസ്ക് റിപ്പോർട്ട്...

......വോയ്സ്.......

1984ലാണ് ഗവൺമെന്റ് യുവാക്കൾക്ക് പ്രാധാന്യം നൽകാനായി ജനുവരി 12 ദേശീയ യുവജനദിനമായി ആചരിക്കാൻ തുടങ്ങിയത്. യുവതയുടെ സർഗശേഷിയും ഊർജ്ജവും ക്രിയാത്മകമായി പ്രയോജനപ്പെടുത്തി ഇന്ത്യയെ ശക്തമായ രാജ്യമാക്കി മാറ്റുക എന്നതാണ് ഈ വർഷത്തെ യുവജനദിന പ്രമേയം.

യുവജന ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് 2025ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. രാജ്യവ്യാപകമായി തെരഞ്ഞെടുത്ത മൂവായിരം യുവ പ്രതിനിധികളെയാണ് വികസിത് ഭാരത് ചലഞ്ചിലൂടെ തെരഞ്ഞെടുത്തത്.

രാജ്യത്തിന്റെ ഭാവി നേതാക്കളെ ശാക്തീകരിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനും തയ്യാറാക്കിയ വിവിധ പരിപാടികളിലും പ്രധാനമന്ത്രി പങ്കെടുക്കും. ചടങ്ങിൽ വികസിത് ഭാരത് ആശയത്തെ കുറിച്ച് യുവ നേതാക്കൾ തയ്യാറാക്കിയ അവതരണങ്ങളും പ്രദർശിപ്പിക്കും.

✪✪✪

ഇന്നത്തെ വികസിത് ഭാരത് യങ് ലീഡേഴ്സ് ഡയലോഗ് രാജ്യത്തിന്റെ വികസന യാത്രയിൽ യുവ ശക്തിയെ ഫലപ്രദമായി ഉൾപ്പെടുത്തുന്ന അതുല്യസംരഭമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. യുവജനകാര്യ സഹമന്ത്രി രക്ഷാ ഖഡ്സെ ദേശീയ യുവോത്സവം 2025നെ പറ്റി എഴുതിയ ലേഖനം പങ്കുവെക്കുകയായിരുന്നു അദ്ദേഹം. യുവതയുടെ ഊർജ്ജവും സർഗാത്മകതയും നേതൃത്വഗുണവും വികസിതഭാരത കാഴ്ചപ്പാട് നേടിയെടുക്കാൻ പ്രയോജനപ്പെടുത്തുകയാണ് യങ് ലീഡേഴ്സ് ഡയലോഗിന്റെ ലക്ഷ്യം.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പരീക്ഷ പേ ചർച്ച എട്ടാം പതിപ്പിന്റെ ഭാഗമായി ദേശീയ യുവജനദിനമായ ഇന്നുമുതൽ വിവിധ പരിപാടികൾക്ക് തുടക്കമാവും.

പരീക്ഷകൾ ഉത്സവമായി ആഘോഷിക്കാൻ വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്ന ശിൽപ്പശാലകൾ,പോസ്റ്റർ നിർമ്മാണ മത്സരങ്ങൾ, മാരത്തോൺ, യോഗ ,ചലച്ചിത്ര പ്രദർശനങ്ങൾ, മാനസികാരോഗ്യ കൗൺസിലിംഗ് ,തദ്ദേശീയ കായിക വിനോദം തുടങ്ങിയ പരിപാടികൾ രാജ്യത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. ഇന്നുമുതൽ സുഭാഷ് ചന്ദ്ര ബോസ് ദിനമായ ഈ മാസം 23 വരെയാണ് പരിപാടികൾ.

വിദ്യാർത്ഥികളും രക്ഷിതാക്കളുമായും ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടത്തുന്ന പരീക്ഷാ പേ ചർച്ചയുടെ എട്ടാം പതിപ്പിന് അഭൂതപൂർവമായ പ്രതികരണമാണ് ലഭിക്കുന്നത്. ഇന്ത്യയിലെയും വിദേശത്തെയും രക്ഷിതാക്കളും കുട്ടികളും അടക്കം രണ്ട് കോടി 79 ലക്ഷത്തോളം പേർ ഇതുവരെ പരീക്ഷാ പേ ചർച്ചയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

✪✪✪

ജമ്മു കശ്മീരിലെ സോനാമാർഗ് ടണൽ പദ്ധതി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉദ്ഘാടനം ചെയ്യും. ടണൽ നിർമ്മാണ ജോലികളിൽ പങ്കെടുത്ത തൊഴിലാളികളെ കാണുന്ന പ്രധാനമന്ത്രി അവരുടെ എഞ്ചിനീയറിംഗ് നേട്ടത്തെ അഭിനന്ദിക്കുകയും ചെയ്യും. 12 കിലോമീറ്റർ സോനാമാർഗ് ടണൽ പദ്ധതി 2,700 കോടി രൂപ ചെലവിലാണ് പൂർത്തിയാക്കിയത്

പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് മേഖലയിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി.

✪✪✪

യുവാക്കളാണ് ഭാരതത്തെ നയിക്കേണ്ടതെന്നും ആ സങ്കൽപ്പത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ വികസിത് ഭാരത് പദ്ധതി മുന്നോട്ട് പോകുന്നതെന്നും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. മലപ്പുറം തിരൂരിൽ ഭാരതീയ വിചാര കേന്ദ്രം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായ സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ രംഗത്ത് മാത്രമല്ല സമസ്ത മേഖലയിലും തലമുറ മാറ്റം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭാരതീയ വിചാര കേന്ദ്രം സംസ്ഥാന പ്രസിഡന്റ് ഡോ. CV.ജയമണി അധ്യക്ഷനായിരുന്നു. സമ്മേളനം ഇന്ന് സമാപിക്കും

✪✪✪

കേന്ദ്രമന്ത്രി ജോർജ് കുര്യൻ ഇന്ന് കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ പരിപാടികളിൽ സംബന്ധിക്കും.

രാവിലെ ഉള്ള്യേരിയിൽ അനുസ്മരണ പരിപാടിയിൽ പങ്കെടുക്കുന്ന മന്ത്രി ഉച്ചയ്ക്ക് വാഴയൂർ ഗ്രാമപഞ്ചായത്ത്, പതിനേഴാം വാർഡ് കുറ്റൂളങ്ങാടിയിൽ പുതിയ അങ്കണവാടി കെട്ടിടം ഉദ്ഘാടനം ചെയ്യും. സേവാഭാരതി ചേലേമ്പ്ര പഞ്ചായത്ത് 'തലചായ്ക്കാനൊരിടം' പദ്ധതിയിൽ നിർമ്മിച്ച വീടിന്റെ താക്കോൽ ദാനംചടങ്ങിലും സഹമന്ത്രി സംബന്ധിക്കും.

✪✪✪

ISROയുടെ സ്പേഡെക്സ് ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശത്ത് ഇരട്ട ഉപഗ്രഹങ്ങളായ ടാർഗറ്റിനേയും ചേസ്സറിനേയും കൂട്ടിച്ചേർക്കുന്ന പ്രക്രിയയ്ക്ക് തുടക്കമായി. സ്പേസ് ഡോക്കിങ് എന്ന കൂടിച്ചേരലിന് പുലർച്ചെ 6.39 മുതൽ 7.10 വരെയാണ് നിർദേശങ്ങൾ നൽകുന്നത്. ഉപഗ്രഹങ്ങൾക്കിടയിലെ ഇപ്പോഴത്തെ അകലം 15 മീറ്ററാണെന്നും ഇവ തമ്മിൽ ആശയവിനിമയം തുടങ്ങിയതായും ISRO അറിയിച്ചു.

കഴിഞ്ഞമാസം മുപ്പതിനാണ് PSLV റോക്കറ്റിൽ രണ്ട് ഉപഗ്രഹങ്ങളും വിക്ഷേപിച്ചത്.

✪✪✪

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് ഈ മാസം 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നടത്തുമെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഗവേഷണ മികവ് വളർത്താനും, അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കാനും, നവീനമാർഗ്ഗങ്ങൾ തയ്യാറാക്കാനും, ആഗോള വിദ്യാഭ്യാസ ഹബ്ബായി കേരളത്തെ മാറ്റാൻ സംസ്ഥാനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ചർച്ചചെയ്യാനുമാണ് കോൺക്ലേവ് എന്ന് മന്ത്രി കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കോൺക്ലേവിന് മുന്നോടിയായി ജനുവരി 13ന് രാജഗിരി കോളേജിൽ 'സ്റ്റഡി ഇൻ കേരള' എന്ന വിഷയത്തിൽ പ്രീ-കോൺക്ലേവ് ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

മകരസംക്രമനാളിൽ അയ്യപ്പവിഗ്രഹത്തിൽ അണിയിക്കുന്ന തിരുവാഭരണങ്ങളുമായി ഘോഷയാത്ര ഉച്ചയ്ക്ക് ഒരു മണിക്ക് പന്തളം വലിയ കോയിക്കൽ ധർമശാസ്താ ക്ഷേത്രത്തിൽ നിന്നു പുറപ്പെടും. ഉച്ചയ്ക്ക് 12വരെ ഭക്തർക്ക് തിരുവാഭരണങ്ങൾ കണ്ടുതൊഴാൻ അവസരമുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രിജി ശ്രീധർ.

.......വോയ്സ്...........

ഗുരുസ്വാമി കുളത്തിനാൽ ഗംഗാധരൻ പിള്ളയുടെ നേതൃത്വത്തിൽ പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെ തിരുവാഭരണ മാളികയിൽ നിന്നും ഇന്നുരാവിലെ

അഞ്ചോടെ തിരുവാഭരണങ്ങൾ അടങ്ങുന്ന പേടകം വാദ്യ ഘോഷങ്ങളുടെയും അകമ്പടിയോടെ പന്തളം വലിയകോയിക്കൽ ധർമശാസ്താക്ഷേത്രത്തിലേക്ക് എത്തിച്ചു. ഉച്ചയ്ക്ക്12വരെ ഭക്തർക്ക് ആഭരണങ്ങൾ കണ്ടുതൊഴാൻ അവസരമുള്ളതിനാൽ വലിയ ഭക്തജനത്തിരക്കാണ് ഇവിടെ അനുഭവപ്പെടുന്നത്.

ഉച്ചപൂജയ്ക്കായി നട അടച്ചശേഷം പൂജിച്ച ഉടവാൾ വലിയ തമ്പുരാൻ രാജപ്രതിനിധിക്ക് കൈമാറി ഉച്ചയ്ക്ക് ഒന്നോടെ തിരുവാഭരണസംഘം സംഘം ആഭരണപേടകങ്ങൾ ശിരസ്സിലേറ്റി ശബരിമലയ്ക്ക് നീങ്ങും. പരമ്പരാഗത തിരുവാഭരണ പാതയിലൂടെ അയിരൂർ പുതിയകാവ് ക്ഷേത്രത്തിലെത്തുന്ന സംഘം ആദ്യദിവസം അവിടെ വിശ്രമിക്കും. രണ്ടാംദിവസം പെരുനാട് വഴി ളാഹ വനംവകുപ്പുസത്രത്തിൽ രാത്രിവിശ്രമം നടത്തുന്ന സംഘം മൂന്നാംദിവസം കാനനപാതയിലൂടെ യാത്രചെയ്ത് 14 ന് മകരവിളക്ക് ദിനം വൈകിട്ട് ദീപാരാധനയ്ക്ക് മുൻപായി സന്നിധാനത്തെത്തും. ആകാശത്ത് കൃഷ്ണപരുന്തിന്റെ സാന്നിധ്യത്തിൽ

തിരുവാഭരണങ്ങൾ ശബരീശവിഗ്രഹത്തിൽ ചാർത്തി ദീപാരാധന നടത്തുമ്പോൾ കിഴക്കൻ ചകവാളത്തിൽ മകരനക്ഷത്രം ഉദിക്കും. ഒപ്പം പൊന്നമ്പലമേട്ടിൽ മൂന്നു തവണ തെളിയുന്ന മകരജ്യോതിയും കണ്ട് തീർഥാടകലക്ഷങ്ങൾ മലയിറങ്ങും. 20ന് രാവിലെ രാജാപ്രതിനിഥി സന്നിധാനത്തുനിന്ന് മടങ്ങുന്നതിനൊപ്പം തിരുവാഭരണ പേടകങ്ങളും പന്തളത്തേയ്ക്ക് തിരിക്കും.

✪✪✪

മകരവിളക്കിന്റെ സുഗമനടത്തിപ്പിന് വേണ്ടി 5000 പൊലീസ് ഉദ്യോഗസ്ഥരെ നിയമിച്ചതായി സംസ്ഥാന പോലീസ് മേധാവി ഷേഖ് ദർവേശ് സാഹെബ് ശബരിമലയിൽ അറിയിച്ചു. ഒരുക്കങ്ങൾ വിലയിരുത്താൻസന്നിധാനത്ത് എത്തിയതായിരുന്നു അദ്ദേഹം.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ മാതൃകയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജലഗതാഗതം ആരംഭിക്കാൻ കേന്ദ്ര നിർദ്ദേശപ്രകാരം കൊച്ചി വാട്ടർ മെട്രോ നടപടി ആരംഭിച്ചു. വാട്ടർ മെട്രോ സർവ്വീസുകൾക്ക് സ്വീകാര്യത ലഭിച്ചതോടെയാണ് കൂടുതൽ സ്ഥലങ്ങളിൽ കൊച്ചി മാതൃകയിൽ ജലഗതാഗതം ആരംഭിക്കാൻ നടപടി ആരംഭിക്കുന്നത്.

അഹമ്മദാബാദ് - സബർമതി, സൂറത്ത്, മംഗലാപുരം, അയോധ്യ, ധുബ്രി, ഗോവ, ഗോഹത്തി, കൊല്ലം, കൊൽക്കത്ത, പാട്ന, പ്രയാഗ് രാജ്, ശ്രീനഗർ,

വാരണാസി, മുംബൈ, വാസായ്, ലക്ഷദ്വീപ്, ആന്തമാൻ എന്നീ സ്ഥലങ്ങളിലാണ് വാട്ടർ മെട്രോയുടെ സാധ്യത പരിഗണിക്കുന്നത്.

✪✪✪

പത്തനംതിട്ടയിൽ കായികതാരമായ പെൺകുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഇതേപറ്റി അടിയന്തര റിപ്പോർട്ട് നൽകാൻ പത്തനംതിട്ട ജില്ലാ പൊലീസ് മേധാവിയോട് കമ്മീഷൻ അധ്യക്ഷ P സതീദേവി ആവശ്യപ്പെട്ടു.

ഇതുവരെ രജിസ്റ്റർ ചെയ്ത 5 കേസുകളിലായി 14 പേർ പോലീസിന്റെ പിടിയിലായി.

✪✪✪

വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് അയർലന്റിനെ നേരിടും. രാജ്കോട്ട് സൗരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാവിലെ 11ന് മത്സരം ആരംഭിക്കും. ആദ്യ മത്സരത്തിൽ ഇന്ത്യ ആറ് വിക്കറ്റിന് വിജയിച്ചിരുന്നു.

✪✪✪

ISL ഫുട്ബോളിൽ മൊഹമ്മദൻസ് SC-യ്ക്കും മോഹൻബഗാനും ജയം. ബംഗളുരുവിലെ മത്സരത്തിൽ ബംഗളുരു FC-യെയാണ് മൊഹമ്മദൻസ് എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തിയത്. ഗോഹട്ടിയിലെ മത്സരത്തിൽ എതിരില്ലാത്ത ഒരു ഗോളിന് മോഹൻ ബഗാൻ ഈസ്റ്റ് ബംഗാളിനെയും പരാജയപ്പെടുത്തി.

ഇന്ന് മുംബൈ സിറ്റി FC, ജംഷഡ്പൂർ FCയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബെയിലാണ് മത്സരം

✪✪✪

വരുന്ന ഒക്ടോബർ 25 മുതൽ നവംബർ രണ്ട് വരെ അർജന്റീനയുടെ ഫുട്ബോൾ താരം മെസി കേരളത്തിലുണ്ടാകുമെന്ന് മന്ത്രി V. അബ്ദുറഹിമാൻ പറഞ്ഞു. സൗഹൃദമത്സരത്തിന് പുറമേ 20 മിനുട്ട് നേരം വേദിയിൽ ചെലവിടുമെന്നും മന്ത്രി സ്വകാര്യ ചടങ്ങിൽ കോഴിക്കോട്ട് അറിയിച്ചു.

✪✪✪

കൂടുതൽ വിദേശ, ആഭ്യന്തര വിനോദ സഞ്ചാരികളെ കോഴിക്കോട് ഉൾപ്പെടെ വടക്കൻ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് താമസ-ഗതാഗത

സൗകര്യങ്ങൾ വർധിപ്പിക്കുന്ന പദ്ധതികൾക്ക് ഗവൺമെന്റ് ഊന്നൽ നൽകുണ്ടെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു.

കോഴിക്കോട് പൊതുമരാമത്ത് റസ്റ്റ് ഹൗസിനോട് അനുബന്ധിച്ച് നിർമിച്ച മൂന്നു നില ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കോഴിക്കോട് നഗരത്തിലെ മാനാഞ്ചിറ - വെള്ളിമാടുകുന്ന് റോഡ് വികസനത്തിന്റെ ഭാഗമായി എരഞ്ഞിപ്പാലം-മാനാഞ്ചിറ റീച്ചിന്റെ നിർമാണം ഉടൻ ആരംഭിക്കുമെന്നും മുഹമ്മദ് റിയാസ് അറിയിച്ചു.

✪✪✪

*News Editor: സുരേഷ് വി കെ*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader: രജ്ന കെ ആസാദ്*
*DEO: സുബോധ് സി കെ*